**അടിയന്തിരം**

**Ex/CGL(1) /39200/2019/CGE**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: **25.05.2020**
ഫോൺ നം. 0471-2580522, 0471 2580 508
ഇ-മെയിൽ- **secret.dge@kerala.gov.in**

പ്രേക്ഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പൊ.വി.- എസ്.എസ്.എൽ.സി/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകൾ- ഉപയോഗശേഷമുള്ള ഗ്ലൗസ്സുകളുടെ ശേഖരണം/ സൂക്ഷിപ്പ് - സംബന്ധിച്ച്.

സൂചന:-

......

ഉപയോഗശേഷമുള്ള ഗ്ലൗസ്സുകൾ ശേഖരിക്കുന്നതിനുവേണ്ടി ഐ.എം.എ.(ഇൻഡ്യൻ മെഡിക്കൽ അസ്സോസിയേഷൻ) യുടെ IMA IMAGE വിഭാഗം ലഭ്യമാക്കുന്ന ഗ്ലൗസ് വേസ്റ്റ് ബാഗുകൾ ഇന്ന് (25/05/2020) എല്ലാ ഡി.ഇ.ഒ. ആഫീസുകളിലും എത്തിക്കും. ഓരോ ഡി.ഇ.ഒ. തലത്തിലുമുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം പരീക്ഷാകേന്ദ്രങ്ങൾക്ക് വിതരണം ചെയ്യേണ്ട ബാഗുകളുടെ എണ്ണം ഇതോടൊപ്പം ചേർക്കുന്നു. സെന്ററുകൾക്ക് ബാഗ് വിതരണം ചെയ്യുമ്പോൾ 500 വരെ കുട്ടികളുള്ള കേന്ദ്രത്തിൽ ഒരു ബാഗും 500-ൽ കൂടുതൽ കുട്ടികളുള്ള കേന്ദ്രത്തിൽ രണ്ട് ബാഗും എന്ന തോതിൽ പരീക്ഷ ഉള്ള ഓരോ ദിവസത്തേതും പ്രത്യേകം എന്ന ക്രമത്തിലാണ് വിതരണം ചെയ്യേണ്ടത്. ഐ.എം.എ വിതരണം ചെയ്യുന്ന ബാഗുകളിൽ തന്നെ വേസ്റ്റ് ഗ്ലൗസ്സുകൾ ശേഖരിക്കുകയും ഓരോ ദിവസത്തേതും പ്രത്യേകം ടൈറ്റ് ചെയ്ത് സുരക്ഷിതമായി സൂക്ഷിക്കുകയും വേണം. DEO തലത്തിൽ സൗകര്യപ്രദമായ ഏതെങ്കിലും ഒരു സ്കൂളിൽ എല്ലാ സെന്ററുകളിൽ നിന്നുള്ള ഗ്ലൗസ് ബാഗുകൾ എല്ലാ പരീക്ഷകൾക്കും ശേഷം ശേഖരിക്കേണ്ടതും എല്ലാ ചീഫ് സൂപ്രണ്ടുമാരും പ്രസ്തുത കളക്ഷൻ പോയിന്റ് സ്കൂളിൽ വേസ്റ്റ് ഗ്ലൗസ് ബാഗുകൾ എത്തിക്കേണ്ടതുമാണ്. ഏതെങ്കിലും സാഹചര്യത്തിൽ IMA ബാഗുകൾ കിട്ടാതെ വരുന്ന പക്ഷം ഉപയോഗിച്ച ഗ്ലൗസ്സുകൾ പ്ലാസ്റ്റിക് ബാഗുകളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

HSS REPORTER
SINCE 2015

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)

എല്ലാ എ.ഡി മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)

എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും/പ്രധാനാദ്ധ്യാപകർക്കും/പ്രിൻസിപ്പൽമാർക്കും (ബന്ധപ്പെട്ട അധികാരികൾ മുഖേന)